# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 12.07.2026**

### പ്രധാനവാർത്തകൾ

1. ഇതിഹാസ ഗായിക എസ് ജാനകിക്ക് അന്ത്യാഞ്ജലി അർപ്പിച്ച് നാട്. വിടവാങ്ങിയത് ഇന്ത്യൻ ചലച്ചിത്ര സംഗീത ലോകത്തെ അനശ്വര ശബ്ദം.
2. ത്രിരാഷ്ട്ര സന്ദർശനത്തിനു ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ തിരിച്ചെത്തി.
3. കൊച്ചി കോർപറേഷൻറെ മൂന്നാമത് റോ- റോ സർവീസ് മുഖ്യമന്ത്രി വി.ഡി സതീശൻ ഉദ്ഘാടനം ചെയ്തു. റോ-റോയിൽ സ്ത്രീകൾക്ക് സൗജന്യ യാത്രയായിരിക്കുമെന്ന് മുഖ്യമന്ത്രി.
4. വയനാട്ടിലെ തുരങ്ക നിർമാണ പ്രദേശത്തെ മണ്ണിടിച്ചിൽ കാണാതായ ഹിമാചൽ സ്വദേശി യുടെ മൃതദേഹം കണ്ടെത്തി. അപകടത്തെ സംബന്ധിച്ച റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കാൻ അന്വേഷണ സമിതിക്ക് സർക്കാർ നിർദേശം.
5. പഴകിയതും സുരക്ഷിതമല്ലാത്തതുമായ ഭക്ഷ്യ ഉൽപ്പന്നങ്ങൾ വിതരണം ചെയ്തതിന് സ്വിഗ്ഗി ഇൻസ്റ്റാമാർട്ടിന് നോട്ടീസ് അയച്ച് ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ.
6. ലോകകപ്പ് ഫുട്ബോളിൽ അർജന്റീനയും ഇംഗ്ലണ്ടും സെമി ഫൈനലിൽ പ്രവേശിച്ചു. വിംബിൾഡൺ ടെന്നീസ് പുരുഷ സിംഗിൾസ്, വനിതാ ഡബിൾസ് ഫൈനലുകൾ ഇന്ന്.

&&&&&&&&&&&&&&&&&&&&&&

RNU TVPM

## എസ്. ജാനകി (ഇൻട്രോ)

അനശ്വര ഗായിക എസ് ജാനകി വിട വാങ്ങി. ഇന്നലെ രാത്രി മൈസൂരു അപ്പോളോ ആശുപത്രിയിലായിരുന്നു അന്ത്യം. ആരോഗ്യപരമായ ബുദ്ധിമുട്ടുകളെ തുടർന്ന് ചികിത്സയിലിരിക്കെയായിരുന്നു വിയോഗം. 88 വയസ്സായിരുന്നു. ആറു പതിറ്റാണ്ടിലേറെ സുന്ദര നാദത്തിലൂടെ ആസ്വാദകരെ വിസ്മയിപ്പിച്ച എസ്. ജാനകി ഇന്ത്യൻ ചലച്ചിത്ര സംഗീത ലോകത്തെ ഇതിഹാസ ഗായകരിലൊരാളാണ്.

(സോങ് ---- ഡെസ്ക് -)

മൈസൂരു മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ പൊതുദർശനത്തിനായി എത്തിച്ച എസ്. ജാനകിയുടെ ഭൗതികശരീരത്തിൽ രാഷ്ട്രീയ-സിനിമാ-സംഗീത-സാംസ്കാരിക മേഖലകളിലെ പ്രമുഖരും ആരാധകരും അന്ത്യാഞ്ജലി അർപ്പിച്ചു. ഉച്ചകഴിഞ്ഞ് കനിയനഹുണ്ഡി ഫാം ഹൗസിലാണ് സംസ്കാരം. സംസ്കാര ചടങ്ങിൽ സംസ്ഥാന സർക്കാറിനെ പ്രതിനിധീകരിച്ച് മന്ത്രി റോജി എം. ജോൺ പങ്കെടുക്കും.

RNUTVPM

## എസ്. ജാനകി (വോയ്സ്)

അനുരാഗത്തിന്റെ ആനന്ദത്തിലും നഷ്ടപ്പെടലിന്റെ വിങ്ങലിലുമെല്ലാം മലയാളിയ്ക്കൊപ്പം ചേർന്നുനിന്ന നാദപൂർണിമയാണ് എസ്. ജാനകി. ആ ശബ്ദം താരാട്ടായും പ്രണയമായും വിരഹമായും നിറഞ്ഞുനിന്നു. തെന്നിന്ത്യൻ ഭാഷകൾക്കു പുറമെ ഹിന്ദിയടക്കം മിക്കവാറും എല്ലാ ഇന്ത്യൻ ഭാഷകളിലും അവർ ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. 1938 ഏപ്രിൽ 23-ന് ആന്ധ്രപ്രദേശിലെ ഗുണ്ടൂർ ജില്ലയിൽ ജനിച്ച ജാനകി മൂന്നാം വയസിൽതന്നെ സംഗീതത്തോട് ആഭിമുഖ്യം പ്രകടിപ്പിച്ചു. ആകാശവാണി ദേശീയ തലത്തിൽ സംഘടിപ്പിച്ച ഗാന മത്സരത്തിൽ രണ്ടാംസ്ഥാനം നേടിയതോടെയാണ് അവർ ശ്രദ്ധേയയായത്. ഭാഷകൾക്കും

കാലദേശങ്ങൾക്കുമപ്പുറം, ആസ്വാദകരിൽ പെയ്തിറങ്ങിയ ഈണങ്ങളുടെ മഹാറാണി, പാടി തീർത്തത് 48,000-ത്തോളം ഗാനങ്ങളാണ്. 1957ൽ വിധിയിൻ വിളയാട്ട് എന്ന തമിഴ് സിനിമയിൽ ടി. ചലപതി റാവു ഈണം പകർന്ന ഗാനം ആലപിച്ചുകൊണ്ട്, ചലച്ചിത്രപിന്നണിഗാനരംഗത്ത് അരങ്ങേറ്റം കുറിച്ച എസ്. ജാനകി, എം.എസ് ബാബുരാജ്, എം.എസ് വിശ്വനാഥൻ, ഇളയരാജ, , ജി. ദേവരാജൻ, എ.ആർ റഹ്മാൻ തുടങ്ങി ഒട്ടേറെ സംഗീത സംവിധായകരുടെ പ്രശസ്ത ഗാനങ്ങൾക്ക് ശബ്ദമായി മാറി. ഒരു കൊച്ചു സ്വപ്നത്തിൻ, ഉണരുണരൂ ഉണ്ണിപ്പൂവേ, കണ്ണാ നീയെങ്കേ, നാഥാ നീവരും കാലൊച്ച തുടങ്ങി ഒട്ടേറെ നിത്യഹരിത ഗാനങ്ങൾ ആ ഇതിഹാസ ഗായിക സംഗീതലോകത്തിനു സമ്മാനിച്ചു. ഓരോ ഗാനവും അനുഭൂതിയാക്കി മാറ്റിയ എസ്. ജാനകിയെന്ന ഗാനകോകിലം സംഗീത ആസ്വാദകരുടെ മനസിൽ ചിരകാലം ജീവിക്കും.
ന്യൂസ് ഡെസ്ക് ആകാശവാണി....

&&&&&&&&&&&&&&&&

## എസ്. ജാനകി - അനുശോചനം

RNU TVPM

എസ്.ജാനകിയുടെ നിര്യാണത്തിൽ രാഷ്ട്രീയ-ചലച്ചിത്ര-സംഗീത രംഗത്തെ നിരവധി പ്രമുഖർ അനുശോചനം രേഖപ്പെടുത്തി. തലമുറകളെ അസാധാരണമായ ഗാനങ്ങളിലൂടെ ആകർഷിച്ച എസ്. ജാനകിയുടെ സംഗീതജീവിതം, കാലാതീതമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു അനുസ്മരിച്ചു. എസ്. ജാനകിയുടെ വിയോഗം സംഗീത-സാംസ്കാരിക ലോകത്തിന് നികത്താനാവാത്ത നഷ്ടമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സാമൂഹികമാധ്യമകുറിപ്പിൽ പറഞ്ഞു. ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ, മുഖ്യമന്ത്രി വിഡി സതീശൻ, സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, പ്രതിപക്ഷ നേതാവ് പിണറായി വിജയൻ

അടക്കമുള്ളവരും അനുഗ്രഹീത ഗായികയ്ക്ക് ആദരാഞ്ജലി അർപ്പിച്ചു.

&&&&&&&&&&&&&&&

<u>എസ് ജാനകി - ജി . ശ്രീറാം ( ഇൻട്രോ)</u>

അതുല്യമായ ശബ്ദം കൊണ്ടും അസാധാരണമായ വൈദഗ്ധ്യം കൊണ്ടും അനുഗ്രഹീതയായ ഗായികയാണ് എസ് ജാനകി. അനശ്വരമായ ഒട്ടേറെ ഗാനങ്ങളാണ് അവർ മലയാളിക്ക് സമ്മാനിച്ചത്.

**മലയാളിയുടെ പ്രിയപ്പെട്ട എസ് ജാനകിയെക്കുറിച്ച് ആകാശവാണി മുൻ അസിസ്റ്റന്റ് ഡയറക്ടറും പിന്നണി ഗായകനുമായ ജി. ശ്രീറാം, ആകാശവാണി വാർത്തകളോട് ..... (വോയിസ്)**

&&&&&&&&&&&&&&&

<u>പി.എം - സന്ദർശനം</u>

RNU TVPM

ആറു ദിവസത്തെ വിദേശ പര്യടനത്തിന് ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ത്യയിലെത്തി. ഇൻഡോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലാൻഡ് എന്നീ രാജ്യങ്ങളാണ് അദ്ദേഹം സന്ദർശിച്ചത്. രാഷ്ട്രീയ നേതൃത്വങ്ങളുമായി ഉഭയകക്ഷി ചർച്ചകൾ, വ്യവസായ സമൂഹവുമായുള്ള കൂടിക്കാഴ്ചകൾ എന്നിവ അടങ്ങിയതായിരുന്നു പ്രധാനമന്ത്രിയുടെ വിദേശ പര്യടനം.

കഴിഞ്ഞ 40 വർഷത്തിനിടെ ആദ്യമായിട്ടാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ന്യൂസിലാൻഡ് സന്ദർശിച്ചത്.

&&&&&&&&&&&&&&&

<u>മുഖ്യമന്ത്രി - കൊച്ചി</u>

കൊച്ചി കോർപറേഷൻറെ മൂന്നാമത് റോ- റോ സർവീസ്, മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു.

കെ.എസ്.ആർ.ടി.സി ബസുകളിലെ 'പ്രിയദർശിനി' പദ്ധതിക്ക് സമാനമായി പുതിയ റോ-റോ സർവീസിലും സ്ത്രീകൾക്ക് പൂർണ്ണമായും സൗജന്യ യാത്രയായിരിക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചു. സൗജന്യ യാത്രയിലൂടെ സ്ത്രീകൾക്ക് ലാഭിക്കാൻ കഴിയുന്ന തുക സുരക്ഷിതമായി നിക്ഷേപിക്കുന്നതിനായി

കെഎസ്എഫ്ഇയിൽ ഒരു പ്രത്യേക 'പിങ്ക് ചിട്ടി' ആരംഭിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. മേയർ വി കെ മിനിമോൾ, എം എൽ എ മാരായ ടി ജെ വിനോദ്, മുഹമ്മദ് ഷിയാസ്, ടോണി ചമ്മണി തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

&&&&&&&&&&&&&&&

<u>വയനാട് - മൃതദേഹം കണ്ടെത്തി</u>

വയനാട് കള്ളാടിയിലെ തുരങ്ക നിർമാണ പ്രദേശത്തെ മണ്ണിടിച്ചിലിൽ കാണാതായ ഹിമാചൽ സ്വദേശി വിക്രം റാണയുടെ മൃതദേഹം കണ്ടെത്തി. മീനാക്ഷി പാലത്തിൽ നിന്ന് ഏകദേശം 150 മീറ്റർ അകലെയാണ് മൃതദേഹം കണ്ടെത്തിയത്. ഇതോടെ അപകടത്തിൽ മരിച്ചവരുടെ എണ്ണം എട്ടായി. കൺസ്ട്രക്ഷൻ മാനേജറാണ് വിക്രം റാണ.

&&&&&&&&&&&&&&&

<u>വയനാട്</u>

വയനാട്ടിൽ കള്ളാടി തുരങ്ക നിർമാണ പ്രദേശത്തെ മണ്ണിടിച്ചിൽ സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്താൻ സംസ്ഥാന സർക്കാർ അഞ്ചംഗ വിദഗ്ധ സമിതിയെ നിയോഗിച്ചു. ഭൗമ ശാസ്ത്രജ്ഞൻ സി. പി രാജേന്ദ്രനാണ് സമിതി അധ്യക്ഷൻ. ഒരു മാസത്തിനകം സമിതി റിപ്പോർട്ട് സമർപ്പിക്കും.

&&&&&&&&&&&&&&&

PIU TVPM

<u>സ്വിഗ്ഗി ഇൻസ്റ്റമാർട്ട്</u>

ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ, സ്വിഗ്ഗി ഇൻസ്റ്റാമാർട്ടിന് ഒമ്പത് നോട്ടീസുകൾ അയച്ചു. 2006 ലെ ഭക്ഷ്യസുരക്ഷാ മാനദണ്ഡ നിയമം ലംഘിച്ചതായി ആരോപിച്ച് നിരവധി ഉപഭോക്തൃ പരാതികൾ ലഭിച്ചതിനെ തുടർന്നാണ് ഈ നീക്കം. പഴകിയതും സുരക്ഷിതമല്ലാത്തതുമായ ഭക്ഷ്യ ഉൽപ്പന്നങ്ങൾ സ്വിഗ്ഗി ഇൻസ്റ്റാമാർട്ട് വഴി വിതരണം ചെയ്യുതായാണ് പരാതി. കൃത്യമായ വിശദീകരണം

നൽകണമെന്നും അല്ലാത്തപക്ഷം ഉചിതമായ നിയമനടപടി സ്വീകരിക്കുമെന്നും FSSAI സാമൂഹിക മാധ്യമ കുറിപ്പിൽ പറഞ്ഞു.

&&&&&&&&&&&&&&&

<u>ഫിഫ ലോകകപ്പ് (ഇൻട്രോ)</u>

ഫിഫ ഫുട്ബോള് ലോകകപ്പിൽ അർജന്റീന സെമിയിൽ.സ്വിസ് പടയെ 3-1 നു കീഴടക്കിയാണ് നിലവിലെ ചാമ്പ്യന്മാർ അവസാന നാലിൽ ഇടം പിടിച്ചത്. സെമി ഫൈനൽ മത്സരങ്ങൾക്ക് ബുധനാഴ്ച തുടക്കമാകും.

**ആകാശവാണിയ്ക്ക് വേണ്ടി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്....... (സുരേഷ് വോയിസ്)**

&&&&&&&&&&&&&&&

<u>ടെന്നീസ്</u>

വിംബിൾഡൺ ടെന്നീസ് പുരുഷ സിംഗിൾസ്, വനിതാ ഡബിൾസ് ഫൈനൽ മത്സരങ്ങൾ ഇന്ന് നടക്കും. പുരുഷ സിംഗിൾസ് ഫൈനലിൽ ലോക ഒന്നാം നമ്പർ താരം യാനിക് സിന്നർ, ജർമ്മനിയുടെ അലക്സാണ്ടർ സ്വരേവിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8:30 നാണ് മത്സരം. വനിതാ ഡബിൾസ് ഫൈനൽ വൈകുന്നേരം 5:30 ന് ആരംഭിക്കും. വനിതാ സിംഗിൾസ് കിരീടം ചെക്ക് റിപ്പബ്ലിക്കിന്റെ ലിൻഡ നൊസ്കോവ സ്വന്തമാക്കി.

RNU TVPM

&&&&&&&&&&&&&&&

<u>മലപ്പുറം - സസ്പെൻഷൻ</u>

മലപ്പുറം കൽപകഞ്ചേരി കല്ലിങ്ങൽപറമ്പ് M S M ഹയർസെക്കണ്ടറി സ്കൂളിൽ വിദ്യാർഥിനിയുടെ കൈ തല്ലിയൊടിച്ച സംഭവത്തിൽ അധ്യാപകനെ സസ്പെൻഡ് ചെയ്തു. വടകര സ്വദേശി ബൽരാജിനെതിരെയാണ് നടപടി. കുട്ടിയുടെ രക്ഷിതാക്കൾ നൽകിയ പരാതിയിലാണ് സ്കൂളിന്റെ നടപടി. ബൽരാജിനെ പൊലീസ് കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തിരുന്നു. വെള്ളിയാഴ്ചയാണ് അധ്യാപകന്റെ വടികൊണ്ടുള്ള അടിയേറ്റ് കുട്ടിയുടെ കൈയെല്ല് പൊട്ടിയത്.

&&&&&&&&&&&&&&&

### മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി

കടലുണ്ടിപ്പുഴയിലെ നാമ്പ്രാണി തടയണ, മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി നാടിന് സമർപ്പിച്ചു. കേന്ദ്ര നഗരസഞ്ചയം പദ്ധതിയിലൂടെ നിർമ്മിച്ച തടയണയിൽ 13 കിലോമീറ്റർ ദൂരത്തിലായി 2100 മില്യൺ വെള്ളം സംഭരിക്കാൻ കഴിയും. ഇതിലൂടെ ജലലഭ്യത വർധിപ്പിക്കാനാകുമെന്നാണ് പ്രതീക്ഷ.

&&&&&&&&&&&&&&&

### പുലിയുടെ സാന്നിധ്യം - നിലയ്ക്കൽ

ശബരിമല നിലയ്ക്കലിലെ പെട്രോൾ പമ്പിൽ പുലി എത്തിയ ദൃശ്യങ്ങൾ CCTVയിൽ പതിഞ്ഞു. വന്യമൃഗങ്ങളുടെ സാന്നിധ്യം കണക്കിലെടുത്ത് ദിവസവുമുള്ള CCTV പരിശോധനയിലാണ് ദേവസ്വം ജീവനക്കാർ പുലിയുടെ ദൃശ്യം കണ്ടത്. രാവിലെ മുതൽ വൈകുന്നേരം വരെ പ്രവർത്തിക്കുന്ന പമ്പിന്റെ സമീപത്താണ് അട്ടത്തോട് ട്രൈബൽ സ്കൂൾ സ്ഥിതിചെയ്യുന്നത്.

&&&&&&&&&&&&&&&

### കണ്ണൂർ കാറപകടം - മരണം

കണ്ണൂർ കൂടാളിക്കടുത്ത് കാർ മരത്തിൽ ഇടിച്ചുണ്ടായ അപകടത്തിൽ, പരിക്കേറ്റ് ചികിത്സയിലായിരുന്ന അഞ്ചാമത്തെ ആളും മരിച്ചു. തൃശ്ശൂർ പൂങ്കുന്നം സ്വദേശി ആദിത്യ കൃഷ്ണദീപ് ആണ് മരിച്ചത്. ബംഗളൂരിൽ നിന്ന് കണ്ണൂരിലേക്ക് വരികയായിരുന്ന കാർ വെള്ളിയാഴ്ച അർദ്ധരാത്രിയോടെയാണ് അപകടത്തിൽപ്പെട്ടത്.

&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&&&&

PNU TVPM